(സി) വ്യക്തമാക്കാം.

തിരുവനന്തപുരം	7.34	ലക്ഷം രൂപ
കൊല്ലം	22.08	,,
ആലപ്പുഴ	18.65	,,
പത്തനംതിട്ട	7.64	,,
കോട്ടയം	8.23	,,
ഇടുക്കി	5.37	,,
എറണാകുളം	16.56	,,
തൃശ്ശൂർ	16.46	,,
പാലക്കാട്	19.94	,,
മലപ്പുറം	11.62	,,
കോഴിക്കോട്	12.73	,,
വയനാട്	1.12	,,
കണ്ണൂർ	1.90	,,
കാസർകോഡ്	3.86	,,
ആകെ	153.50	ലക്ഷം രൂപ

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

II ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്ത് അതിരൂക്ഷമായി വളർന്നു കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, നമ്മുടെ രാജ്യത്തെ ഭരണാധികാരികളും നമ്മുടെ ഭാവിയുടെ വാഗ്ദാനങ്ങളാണെന്നുള്ള ഉദ്ബോധനങ്ങളും കേട്ടു വളർന്നവരാണ് നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ. എന്നാൽ ഇന്ന് 9.30 a.m. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഓരോ കുടുംബത്തിനേയും, ഈ നാട്ടിനേയും ശാപമെന്നുള്ള നിലയിൽ തെണ്ടിത്തിരിഞ്ഞു നടക്കുന്ന, രാജ്യത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ പ്രശ്നം, ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മ ഏറ്റവും അപകടകരമായ ഒരു നിലയിലേക്ക് വളർന്നിരിക്കുകയാണ്. ഇൻഡ്യയിലെ മൊത്തം ജനസംഖ്യയുടെ 3.7 ശതമാനം ആളുകൾ അധിവസിക്കുന്ന നമ്മുടെ സംസ്ഥാനത്ത് 11 ശതമാനത്തോളം തൊഴിലില്ലാത്തവർ ഉൾക്കൊള്ളുന്നു. നമ്മുടെ സംസ്ഥാനത്ത് പണിയെടുക്കുന്നവരുടെ സംഖ്യ അനുദിനം കുറഞ്ഞുവരുന്ന ചിത്രമാണ് ഉള്ളത്. ഭരണാധികാരികൾ പുറപ്പെടുവിക്കുന്ന കണക്കുകൾ അതാണ് വ്യക്തമാക്കുന്നത്. 1970-ൽ പണിയെടുക്കുന്നവരായി 31 ശതമാനം ആളുകൾ സർക്കാർ കണക്കനുസരിച്ചുതന്നെ ഉണ്ടായിരുന്നു. ഇന്നത് കുറഞ്ഞ് കുറഞ്ഞ് 26 ശതമാനമായിരിക്കുകയാണ്. അതേ സമയം ഈയടുത്ത കാലത്ത് തൊഴിലില്ലാത്തവരുടെ അംഗസംഖ്യ എത്രയോ ഇരട്ടിയായി വർദ്ധിച്ചിരിക്കുന്നു. വിശേഷിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം വളരെ അപകടകരമായി വർദ്ധിച്ചിരിക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly

പത്തൊൻപതു ലക്ഷത്തി മൂവായിരത്തി എഴുനൂറ്റി പത്തൊൻപത് പേരാണ് തൊഴിലില്ലാത്തവരായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരുന്നത് എങ്കിൽ, കഴിഞ്ഞ നാലുവർഷംകൊണ്ട് ഏറ്റവും അവസാനമായി ജൂലൈ 31 വരെ ഈ സഭയിൽ തന്ന കണക്കനുസരിച്ച് ഇരുപത്തിയാറു ലക്ഷത്തി അറുപത്തിയയ്യായിരത്തി മുന്നൂറ്റി മുപ്പത്തിയൊൻപത് പേരാണ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പുതുതായി രജിസ്റ്റർ ചെയ്തവരുടെ എണ്ണം തന്നെ വർദ്ധിച്ചിരിക്കുന്നു. തൊഴിലുള്ളവരുടെ കാര്യത്തിൽ അത് 31 ശതമാനത്തിൽനിന്ന് 26 ശതമാനമായി കുറഞ്ഞിരിക്കുന്നുവെന്നാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ഒരാഴ്ചയിൽ ഒരു മണിക്കൂർ തൊഴിൽ കിട്ടുന്നവരെക്കൂടി തൊഴിൽ ഉള്ളവരായി കണക്കാക്കിയാണ് 26 ശതമാനം. ആളുകൾക്ക് തൊഴിൽ ഉണ്ടെന്നുള്ള കണക്കുപോലും സംഘടിപ്പിച്ചിട്ടുള്ളത്. സംഘടിത മേഖലയിൽ പണിയെടുക്കുന്നവർ 10.79 ലക്ഷമാണ്. എന്നാൽ തൊഴിൽ ഇല്ലാത്തവർ അതിന്റെ രണ്ടര ഇരട്ടിയിൽക്കൂടുതൽ വരുന്ന ഇരുപത്തിയാറ് ലക്ഷത്തി അറുപത്തി അയ്യായിരത്തിൽപ്പരം പേരുണ്ട്. ഇത് ഏറ്റവും അപകടകരമായ ഒരു സ്ഥിതിയാണ്. ഈ കഴിഞ്ഞ കാലഘട്ടത്തിൽ ഈ ഗവൺമെൻറ് വരുമ്പോൾ ചെറുപ്പക്കാർക്ക് തൊഴിൽ സാഹചര്യങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചവരാണ് ഇക്കൂട്ടർ. കേന്ദ്രത്തിൽനിന്ന് വ്യവസായങ്ങൾ കൊണ്ടുവന്ന്, നമ്മുടെ സംസ്ഥാനത്തെ വ്യവസായവൽക്കരിച്ച്, ഇവിടെ കൂടുതൽ തൊഴിൽ സാദ്ധ്യത ഉണ്ടാക്കുമെന്നു പറഞ്ഞു. ആദ്യവർഷംതന്നെ ഈ ഗവൺമെൻറ് പ്രഖ്യാപിച്ചത് ഓരോ താലൂക്കിലും ആയിരംപേർക്കുവീതം തൊഴിൽ കൊടുക്കുമെന്നാണ്. നമ്മുടെ ചെറുപ്പക്കാരുടെ നേരെ ഇത്തരത്തിലുള്ള പ്രഖ്യാപനങ്ങൾ നടത്തിയ ഒരു ഗവൺമെൻറാണിത്. ആയിരംപേർക്ക് തൊഴിൽ പോയിട്ട് കേന്ദ്രത്തിൽനിന്ന് വ്യവസായങ്ങൾ കൊണ്ടുവരുമെന്ന പ്രഖ്യാപനം തന്നെ അസ്ഥാനത്തായി. 19 ലക്ഷം ചെറുപ്പക്കാർ അന്ന് തൊഴിലില്ലാത്തവരായി ഉണ്ടായിരുന്നു. ഒന്നുകിൽ അതിൽ ഒരുലക്ഷം കുറയ്ക്കുക, അല്ലെങ്കിൽ അൻപതിനായിരം കുറയ്ക്കുക എന്നുള്ളതല്ല, അതിനേക്കാൾ ഏഴോ എട്ടോ ലക്ഷത്തിൽക്കൂടുതൽ ആളുകൾ ഇതിനകം തൊഴിലില്ലാത്തവരായി മാറിയിട്ടുണ്ട്.

കേന്ദ്രത്തിൽനിന്ന് വ്യവസായങ്ങൾ കൊണ്ടുവരുമെന്നു പറഞ്ഞ സാഹചര്യത്തിൽ 1000 പേർക്ക് പോയിട്ട് 100 പേർക്ക് തൊഴിൽ കൊടുക്കുന്ന ഒരു വ്യവസായമെങ്കിലും ഈ കഴിഞ്ഞ നാലുവർഷത്തിൽക്കൂടുതൽ ഭരിച്ചതിനു ശേഷം ഈ ഗവൺമെൻറിന് കേന്ദ്രത്തിൽനിന്ന് കേരളത്തിലെ ചെറുപ്പക്കാർക്കു വേണ്ടി കൊണ്ടുവരാൻ കഴിഞ്ഞില്ല.

മറ്റൊരു അപകടകരമായ സ്ഥിതി നമ്മുടെ സംസ്ഥാനത്ത് വളർന്നുവരുന്നുണ്ട്. വിദേശങ്ങളിൽ തൊഴിൽ തേടിപോയിരുന്ന ലക്ഷക്കണക്കിന് ചെറുപ്പക്കാർ, അവിടത്തെ തൊഴിൽ സാദ്ധ്യതകൾ നഷ്ടപ്പെടുന്നതിനാൽ നമ്മുടെ സംസ്ഥാനത്തേക്ക് മടങ്ങിവരുന്നുണ്ട്. തൊഴിലുണ്ടായിരുന്ന പല മേഖലകളിലും ഉള്ള തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇവിടെതന്നെ പല സർക്കാർ സ്ഥാപനങ്ങളെക്കുറിച്ചും കോർപ്പറേഷനുകളെക്കുറിച്ചും നമ്മൾ പരിശോധിച്ചു. അവിടെയെല്ലാം തൊഴിൽ സാദ്ധ്യത വെട്ടിക്കുറയ്ക്കുന്നു. ഉള്ള തൊഴിലവസരങ്ങളിൽതന്നെ നിയമനങ്ങൾ നടത്തുന്നില്ല. ഇവിടെതന്നെ ഏകദേശം 70,000-ൽ പരം ഒഴിവുകൾ നികത്താതെ കിടക്കുന്നു. ഉള്ള തൊഴിലുകളിൽ മുഴുവൻ പുറംവാതിലിലൂടെയുള്ള നിയമനങ്ങൾ നടത്തുന്നു. അങ്ങനെ ചെറുപ്പക്കാർക്ക് തൊഴിൽ സാദ്ധ്യതയില്ല.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസമേഖലയിലാണെങ്കിൽ അദ്ധ്യാപകരായി ഇന്ന് ചെറുപ്പക്കാർക്ക് കടന്നുകൂടാൻ കഴിയുകയില്ല. കാരണം സ്കൂളുകളും എല്ലാം സ്വകാര്യ മേഖലയിൽ കൊടുത്തുകൊണ്ട്, അൻപതിനായിരവും, അറുപതിനായിരവും കോഴ കൊടുക്കുന്നവർക്കുമാത്രമേ ആ മേഖലയിലേക്ക് ഇന്ന് കടക്കാൻ കഴിയൂ എന്ന സ്ഥിതിയാണ്. ഈ സംസ്ഥാനത്ത് തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് അങ്ങോട്ട് എത്തിനോക്കാൻപോലും കഴിയുകയില്ല. അങ്ങനെ അപകടകരമായ, സ്പോടനാത്മകമായ ഒരു സ്ഥിതിവിശേഷത്തിലേക്ക് ഇവിടത്തെ തൊഴിലില്ലായ്മപ്രശ്നം വളർന്നുവരികയാണ്. കേരളത്തിലെ ഓരോ ചെറുപ്പക്കാരുടെയും, ഓരോ കുടുംബത്തിന്റേയും പ്രശ്നമായിത്തീർന്നിരിക്കുന്നു. ഈ അപകടം കണ്ടുകൊണ്ടാണ് ഭരണാധികാരികൾ പലപ്പോഴും പല പ്രഖ്യാപനങ്ങളും ചെയ്യുന്നത്: ഏറ്റവും അപകടകരമായ രൂപത്തിലുള്ള സമരങ്ങൾ നടത്തിയാലും, ഇന്നത്തെ ചെറുപ്പക്കാരെ കുറ്റപ്പെടുത്താൻ കഴിയുകയില്ല. ജനാധിപത്യപരമായി തങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയുള്ള ഒരു പോരാട്ടത്തിന് കേരളത്തിലെ ചെറുപ്പക്കാർ ഇപ്പോൾ ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. ഈ മാസം 20-ാം തീയതി നമ്മുടെ സംസ്ഥാന സെക്രട്ടേറിയറ്റ്, ഡി. വൈ. എഫ്. ഐ. യുടെ നേതൃത്വത്തിൽ തൊഴിൽ അല്ലെങ്കിൽ ജയിൽ എന്ന ബാനറിൻകീഴിൽ കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ അതിരൂക്ഷമായ ഏറ്റവും വലിയ പ്രശ്നമായ തൊഴിലില്ലായ്മയെച്ചൊല്ലി, ഘെരാവോ ചെയ്യാനുള്ള സമരപ്രക്ഷോഭപരിപാടികളുമായി അവർ വരുന്നുണ്ട്. കേരളത്തിൽ അതിന്റെ അലയടിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ അപകടകരമായ സമരങ്ങൾ ചെയ്യണമെന്ന് ആഹ്വാനംചെയ്ത ആളുകളടക്കമുള്ള ഈ ഗവൺമെന്റ് നമ്മുടെ രാജ്യത്ത് സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി സമരം ചെയ്യുന്ന ചെറുപ്പക്കാരുടെ സമരങ്ങളെ തോക്കും ലാത്തിയും ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിക്കുന്നതിനെതിരെ നമ്മുടെ സംസ്ഥാനത്തെ ചെറുപ്പക്കാർ ഉയർത്തുന്ന ഈ മുദ്രാവാക്യം ന്യായമായുള്ളതാണ്. ന്യായമായ അവരുടെ ഈ ആവശ്യത്തെ ഗൗരവപൂർവ്വം പരിഗണിക്കുകയും നമ്മുടെ സംസ്ഥാനത്ത് തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള ശ്രമങ്ങളുമാണ് നടത്തേണ്ടത്. നമ്മുടെ സംസ്ഥാനത്തെ ചെറുപ്പക്കാരുടെ ഈ പ്രശ്നം. കണ്ടില്ലെന്നു നടിച്ചുകൊണ്ട്, അവരെ കുരങ്ങ് കളിപ്പിക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റിനുള്ളത്. നിയമനങ്ങളിൽ നടക്കുന്ന അഴിമതികളെ കുറിച്ച് ഇന്നലെ നമ്മൾ ഇവിടെ ചർച്ച ചെയ്തതാണ്. നമ്മുടെ സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് തൊഴിൽമേഖലയിലേക്ക് കടന്നുവരാനുള്ള വാതിലുകൾ കൊട്ടിയടയ്ക്കുന്നു. ഇന്നുള്ള സാദ്ധ്യതകൾ കൊട്ടിയടയ്ക്കുന്ന ഭരണാധികാരികളുടെ നയം തിരുത്തണം. കൂടുതൽ തൊഴിൽ സാദ്ധ്യതകൾ കൊണ്ടുവരണം. ഈ രീതിയിൽ തെണ്ടിത്തിരിയുന്ന ചെറുപ്പക്കാരെ ചൂഷണം ചെയ്യുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. തൊഴിലില്ലാത്ത ചെറുപ്പക്കാർ ഒരു തൊഴിലിനുവേണ്ടി അപേക്ഷ കൊടുത്താൽ, അപേക്ഷാഫാറത്തിന്റെ ഫീസ് അതു കഴിഞ്ഞാൽ ടെസ്റ്റിനും, ഇൻറർവ്യൂവിനുമുള്ള ചെലവ് ഇതെല്ലാം കൂടി നൂറുകണക്കിന് രൂപ തൊഴിലില്ലാത്തവരായ ഇവരിൽനിന്ന് ഈടാക്കുകയും ചെയ്തശേഷമാണ് ആ ടെസ്റ്റുകൾ ക്യാൻസൽചെയ്യുന്നത്. അങ്ങനെ അവരെ കുരങ്ങ് കളിപ്പിക്കുന്ന, കബളിപ്പിക്കുന്ന ഒരു സമീപനമുണ്ട്. അതിന് അറുതിവരുത്താൻവേണ്ടി ഇന്ന് നിയമനകേന്ദ്രങ്ങളിൽ നടക്കുന്ന, റിക്രൂട്ടിംഗ് സ്ഥാപനങ്ങളിൽ നടക്കുന്ന വലിയതോതിലുള്ള അഴിമതി അവസാനിപ്പിക്കാനുള്ള നടപടികളെടുക്കണം.

നമ്മുടെ ചെറുപ്പക്കാർ നടത്തുന്ന, അവർ മുറവിളികൂട്ടുന്ന ഈ സ്വാഭാവിക സമരങ്ങളെ പലപ്പോഴും ലാത്തിയിൽമുക്കി കൊല്ലാനുള്ള സമീപനം ഉപേക്ഷിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ചെറുപ്പക്കാരുടെ ഏറ്റവും മുഖ്യമായ ഈ പ്രശ്നത്തിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധതിരിയണം, അതിനുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly

കളുണ്ടാകണം, പദ്ധതികളുണ്ടാകണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : തൊഴിലില്ലായ്മ ഈ സംസ്ഥാനത്തിന്റെ മാത്രമല്ല, ഇൻഡ്യയിൽ പൊതുവെയുള്ള ഒരു പ്രശ്നമാണ്. അത് ആരും നിഷേധിക്കുന്ന ഒരു കാര്യമല്ല. പക്ഷേ കേരളത്തിൽ അടുത്തകാലത്തായി തൊഴിലില്ലായ്മ വർദ്ധിച്ചു എന്ന വാദഗതി അദ്ദേഹം ഇവിടെ ഉന്നയിച്ചു. ഔദ്യോഗികമായ കണക്കുകൾ ഉദ്ധരിച്ചാണ് പറഞ്ഞതെങ്കിലും അത് ശരിയല്ല. യഥാർത്ഥ ഔദ്യോഗിക കണക്കുകൾ പരിശോധിച്ചാൽ ഇവിടെ തൊഴിലവസരങ്ങൾ വർദ്ധിച്ചിരിക്കുകയാണെന്നും, തൊഴിലില്ലായ്മയുടെ ദിവസങ്ങൾ കുറഞ്ഞിരിക്കുകയാണെന്നും കാണാൻ സാധിക്കും. ഇൻഡ്യയിൽ 1986-ൽ ഇൻഡ്യൻ ലേബർ ജേർണലിന്റെ കണക്ക് അനുസരിച്ച് തൊഴിലിനുവേണ്ടി പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ കണക്ക് ഇപ്രകാരമാണ് :

"1981 ഡിസംബർ അവസാനം 265.38 ലക്ഷം വർദ്ധിച്ചു. അതായത് 98.5 ലക്ഷം അല്ലെങ്കിൽ 60 ശതമാനമാണ് ഇൻഡ്യയിൽ മൊത്തമായിട്ട് വർദ്ധനവുണ്ടായത്. അതേയവസരത്തിൽ കേരളത്തിൽ തൊഴിൽരഹിതർ 19.04 ലക്ഷത്തിൽനിന്നും 25.74 ലക്ഷമായി വർദ്ധിച്ചതായികാണുന്നു. അതായത് വർദ്ധനവ് 6.70 ലക്ഷം അല്ലെങ്കിൽ 35.2 ശതമാനം. ആ സ്ഥാനത്തു കഴിഞ്ഞ 1985 ഫെബ്രുവരി മാസം മുതൽ ജൂൺവരെയുള്ള കണക്കെടുക്കുകയാണെങ്കിൽ ഇവിടെ കേവലം തൊഴിലില്ലായ്മ വർദ്ധിച്ചിട്ടുള്ളത് 3.2 ശതമാനമാണ്. അതേസമയം ഇൻഡ്യയിൽ 13.6 ശതമാനമാണ് വർദ്ധനവ്. അതായത് ഇൻഡ്യയിൽ മൊത്തമായി 279 ലക്ഷം വർദ്ധിച്ചപ്പോൾ കേരളത്തിൽ 24.67 ലക്ഷത്തിൽനിന്നും 25.46 ലക്ഷം മാത്രമാണ് വർദ്ധിച്ചിട്ടുള്ളത്. ഏതാണ്ട് ഒരു ലക്ഷംമാത്രം. അതായത് മൊത്തമായിട്ട് എടുക്കുകയാണെങ്കിൽ ഇൻഡ്യയിൽ 13 ശതമാനം വർദ്ധനവുണ്ടായപ്പോൾ കേരളത്തിൽ രണ്ടുശതമാനം മാത്രമേ വർദ്ധിച്ചിട്ടുള്ളു. ഇതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ അവസരത്തിൽ ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് വളരെയധികം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർ, രണ്ടുവർഷം മുമ്പാണ് സംസ്ഥാനഗവൺമെന്റു സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടി ആരംഭിച്ചത്. 84115 പേർക്ക് സ്വയംതൊഴിൽ പരിപാടി അനുസരിച്ച് തൊഴിൽ കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഏതാണ്ട് ഏഴുകോടി ഇരുപതു ലക്ഷം രൂപ അവർക്ക് കടമായും സൗജന്യമായും വിതരണം ചെയ്തിട്ടുണ്ട്. എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികൾ അനുസരിച്ചാണെങ്കിൽ 53.34 ലക്ഷം തൊഴിൽദിനങ്ങൾ ഉണ്ടായി. ആർ. എൽ. ഇ. ജി. പി., അനുസരിച്ച് 22 ലക്ഷത്തോളം തൊഴിൽദിനങ്ങൾ ഹരിജനങ്ങൾക്കു മാത്രമായി കൊടുത്തിട്ടുണ്ട്. ഇങ്ങനെ എല്ലാ രംഗങ്ങളിലും തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചിട്ടുണ്ട്. വ്യവസായങ്ങൾ ഇവിടെ വരുന്നില്ല എന്നു പറഞ്ഞു. വ്യവസായങ്ങൾ ഇവിടെ വന്നിട്ടുള്ളതിന്റെ എത്രയോ കണക്കുകൾ ഈ സഭയിൽത്തന്നെ ഉദ്ധരിച്ചിട്ടുള്ളതാണ്. അപ്പോൾ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പരിഹാരമായി ഉണ്ടാകേണ്ടത് ഏതാനും വ്യവസായങ്ങൾ മാത്രമല്ല സ്വയം തൊഴിൽ കണ്ടെത്തുന്ന പരിപാടി കുറെക്കൂടി വ്യാപകമാക്കുകയും അതിനെ ഉപയോഗപ്പെടുത്തുകയും ചെയ്യുകയാണ് ആവശ്യം. തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ വേണ്ടിയുള്ള വ്യാപകമായ പരിപാടികൾ ആവിഷ്ക്കരിച്ചുമുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണിത്. തീർച്ചയായും ഏഴാം പദ്ധതിക്കാലത്തു അതിനുവേണ്ടിയുള്ള ശ്രമങ്ങൾ കുറെക്കൂടി നടത്തുന്നുണ്ട്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു

LIBRARY ARCHIVES Kerala Legislative Assembly

നോക്കുമ്പോഴും കേരളത്തിന്റെ തൊഴിലില്ലായ്മ വർദ്ധനവിന്റെ ശതമാനം വളരെ കുറവാണെന്ന് കാണാൻ സാധിക്കും. അതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, ഞാൻ ഔദ്യോഗിക കണക്കുകളാണ് കുറിച്ചെടുത്തുകൊണ്ടുവന്നത് ഇവിടെ പറഞ്ഞത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും ഏറ്റവും പ്രധാനമായി നമ്മുടെ ചെറുപ്പക്കാരോട് പറഞ്ഞിരുന്നത് കേന്ദ്രത്തിൽനിന്നും കൂടുതൽ തൊഴിൽ സാദ്ധ്യതകളുള്ള വ്യവസായങ്ങളും ഇവിടെ കൊണ്ടുവരുമെന്നാണ്. കഴിഞ്ഞ നാലുവർഷക്കാലത്തിനുമേൽ ഉറച്ചിരുന്നു ഭരിക്കുന്ന ഈ ഗവൺമെന്റു ഏതെങ്കിലും വ്യവസായം കേന്ദ്രത്തിൽനിന്നും കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ കൊണ്ടുവന്നുഎങ്കിൽ എത്ര ആളുകൾക്ക് അതിൽ തൊഴിൽകൊടുക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട മെമ്പർക്ക് തന്നെയറിയാം, കാപ്രോലാക്ടം പ്രോജക്ടിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. 560 കോടി രൂപയ്ക്ക് പുതിയ പദ്ധതികളും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം കേന്ദ്രത്തിന്റേയും സംസ്ഥാനത്തിന്റേതുമായി ആരംഭിച്ചിട്ടുണ്ട്.

(2) ഗൾഫ് മേഖലയിൽ നിന്നും തിരുവനന്തപുരത്തേക്കുള്ളയാത്രക്കാരോട് എയർഇന്ത്യ സ്വീകരിച്ചുവരുന്ന സമീപനം

ശ്രീ. കെ. സി. ജോസ്ഫ് : സർ, നിരവധി പ്രാവശ്യം ഈ സഭയിൽ ഉന്നയിച്ച ഒരു പ്രശ്നമാണ് ഞാൻ വീണ്ടും ഉന്നയിക്കുന്നത്. തിരുവനന്തപുരത്തുനിന്നും ഗൾഫ് രാജ്യങ്ങളിലേക്ക് എയർ ഇൻഡ്യ ഈടാക്കുന്ന വർദ്ധിച്ച ചാർജ് എയർ ഇൻഡ്യയുടെ മറ്റ് മേഖലകളിലെ നിരക്കിനോട് സമാനമായി ഏകീകരിക്കണമെന്നതാണ് എന്റെ മുഖ്യ ആവശ്യം. തിരുവനന്തപുരത്തുനിന്നും ഇപ്പോൾ ഗൾഫ് സെക്ടറിൽ 9 സർവ്വീസുകൾ എയർ ഇൻഡ്യ നടത്തുന്നുണ്ട്. തിരുവനന്തപുരത്തുനിന്നും ഗൾഫ് സെക്ടറിലേക്കുള്ള റൂട്ട് എയർ ഇൻഡ്യയുടെ മൊണോപ്പളി റൂട്ടാണ്. മറ്റൊരു വിമാന സർവ്വീസുകാരെയും ഈ റൂട്ടിൽ സർവ്വീസ് നടത്താൻ അനുവദിക്കാറില്ല. മറ്റ് വിമാന കമ്പനികളും പലതും ഈ മേഖലയിൽ സർവ്വീസ് നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടാൽ എന്തെങ്കിലും സാങ്കേതികമായ കാരണം പറഞ്ഞുകൊണ്ട് അനുമതി നിഷേധിക്കുന്ന പതിവാണ് ഗവൺമെന്റു സ്വീകരിക്കുന്നത്. മറ്റ് വിദേശ ഏജൻസികളോ വിമാന കമ്പനികളോ ഈ മേഖലയിൽ സർവ്വീസ് നടത്തണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുന്നില്ല. എന്നാൽ എയർ ഇൻഡ്യയുടെ മൊണോപ്പളി റൂട്ടായി കരുതുന്ന ഈ റൂട്ടിലെ ചാർജ് നിരക്ക് എയർ ഇൻഡ്യാക്കാർതന്നെ മറ്റ് മേഖലകളിലെ നിരക്കിനോട് ഏകീകരിക്കാനുള്ള ബാദ്ധ്യത ഇൻഡ്യാ ഗവൺമെന്റിനുണ്ട്. ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. തിരുവനന്തപുരം--ദുബായ് 3,762 രൂപയാണ് യാത്രക്കൂലി. ദൂരം 1734 കിലോമീറ്റർ. ശരാശരി ചാർജ് ഒരു കിലോമീറ്ററിന് 2.10 രൂപ. തിരുവനന്തപുരം--അബുദാബി കിലോമീറ്ററിന് ശരാശരി ചാർജ് രണ്ടുരൂപ ഒൻപതു പൈസ. തിരുവനന്തപുരം--പാരീസ് കിലോമീറ്ററിന് ശരാശരി ചാർജ് 1.86 രൂപ. തിരുവനന്തപുരം--ന്യൂയോർക്ക് കിലോമീറ്ററിന് ശരാശരി ചാർജ് 1.40 രൂപ തിരുവനന്തപുരം--ഷാർജ കിലോമീറ്ററിന് 2.10 രൂപ. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത് തിരുവനന്തപുരത്തുനിന്നും ഗൾഫ് മേഖലകളിലേക്കുള്ള ചാർജിന്റെ അമിതമായ വർദ്ധനവും

LIBRARY ARCHIVES Kerala Legislative Assembly